(ഡി) നേമം നിയോജകമണ്ഡലത്തിൽ വർഷങ്ങളായി മണ്ണിടിച്ചും ബണ്ട് പൊട്ടിയും കാട് കയറിയും കനാലുകൾ നശിക്കുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അവ അവഗണിക്കുന്ന കുറ്റക്കാരായ ഉദ്യോഗസ്ഥന്മാരുടെ മേൽ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) നെയ്യാർ ജലസേചന പദ്ധതിയിൽ 2000-2001 സാമ്പത്തിക വർഷത്തിൽ 14 പണികളാണ് അനുവദിച്ച് ടെൻഡർ വിളിച്ചിട്ടുള്ളത്.

(ബി) നെയ്യാർ ജലസേചന പദ്ധതിയിലൂടെ മൊത്തം അണക്കെട്ടിൽ പത്തു ശതമാനം നേമം നിയോജകമണ്ഡലത്തിലൂടെയാണ് താഴെപ്പറയുന്ന രണ്ടു പണികൾ നേമം നിയോജകമണ്ഡലത്തിലുള്ളതാണ്. ഇതിൽ കനാൽ ഷട്ടറും എസ്കേപ്പ് ഷട്ടറും കനാലിന്റെ സംരക്ഷണ പണികളും ഉൾപ്പെടുന്നു.

1. നെയ്യാർ ജലസേചന പദ്ധതി റീവാപിംഗ് ആന്റ് കൺസോളിഡേഷൻ പ്രോഗ്രാം വെള്ളായണി നോർത്ത്, വിഴിഞ്ഞം ആർബി.സി. വെങ്ങാന്നൂർ എന്നീ സ്ഥലങ്ങളിലെ കനാൽ ഷട്ടറുകളുടെയും എസ്കേപ്പു ഷട്ടറുകളുടെയും സംരക്ഷണ പണി ഇതിനുള്ള അടങ്കൽ തുക 2 $^{1}/_{2}$ ലക്ഷം രൂപയാണ്.
2. നെയ്യാർജലസേചന പദ്ധതി റീവാംപിംഗ് കൺസോളിഡേഷൻ പ്രോഗ്രാം വിഴിഞ്ഞം ബ്രാഞ്ച് കനാൽ പൂജ്യം മുതൽ 2900 മീറ്റർ വരെയുള്ള സംരക്ഷണ പണി ഇതിനുള്ള അടങ്കൽ തുക അഞ്ച് ലക്ഷം രൂപയാണ്.

(സി) ഇപ്പോൾ ടെൻഡർ വിളിച്ചതിൽ അഞ്ചു പണികൾ പാറശ്ശാലയ്ക്കും 3 പണികൾ നെയ്യാറ്റിൻ കരയ്ക്കുമാണ് അനുവദിച്ചിട്ടുള്ളത്.

(ഡി) ഇതു സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ട്. തക്കസമയത്തു തന്നെ ചെയ്തു തീർക്കുവാൻ കഴിയുന്നത്ര പണികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ചെയ്തു തീർത്തിട്ടുണ്ട്. കൂടാതെ ശ്രീ. വെങ്ങാന്നൂർ ഭാസ്കരൻ എം.എൽ.എ. യുടെ 1-1-2001-ലെ പരാതിയിൻപ്രകാരം ഫണ്ടിന്റെ ലഭ്യത അനുസരിച്ച് വിഴിഞ്ഞം ബ്രാഞ്ച് കനാൽവെള്ളായണി ഈസ്റ്റ് ബ്രാഞ്ച് കനാൽ വെള്ളായണി വെസ്റ്റ് ബ്രാഞ്ച് കനാൽ ഷട്ടർ റിപ്പയർ എന്നീ പണികൾ നടത്തുവാനുള്ള നടപടികൾ ചീഫ് എഞ്ചിനീയർ കൈകൊണ്ടിട്ടുണ്ട്.

കടലാക്രമണം തടയാൻ നടപടി

39 (264) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ കടലാക്രമണ ഭീഷണിയുള്ള സ്ഥലങ്ങളിൽ കടൽഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) എത്ര കിലോമീറ്റർ സ്ഥലത്ത് കടൽഭിത്തി കെട്ടി സംരക്ഷിക്കേണ്ടതുണ്ട് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ നിയോജകമണ്ഡലത്തിൽ എത്ര കി.മീറ്റർ ദൂരം പുതിയതായി കടൽ ഭിത്തി നിർമ്മിച്ചിട്ടുണ്ട് ; എന്ന് വെളിപ്പെടുത്തുമോ ;

(ഡി) എത്ര കിലോമീറ്റർ ദൂരം കടൽ ഭിത്തി നിർമ്മിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ഇ) ഈ സർക്കാരിന്റെ കാലത്ത് ആലപ്പുഴ നിയോജകമണ്ഡലത്തിൽ എത്ര കിലോമീറ്റർ ദൂരത്ത് ഏതെല്ലാം പ്രദേശങ്ങളിൽ കടൽ ഭിത്തികളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(എഫ്) കടൽഭിത്തികൾ പുതുതായി നിർമ്മിക്കുന്നതിന് നിലവിലുള്ളവ അറ്റകുറ്റപ്പണി നടത്തുന്നതിനായി 1996 ജൂൺ മാസത്തിനുശേഷം നാളിതുവരെയായി എന്തു തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ;

(ജി) ആലപ്പുഴ നിയോജകമണ്ഡലത്തിൽ നിലവിൽ കടൽ ഭിത്തി ഇല്ലാത്ത സ്ഥലങ്ങളിൽ കടൽ ഭിത്തികൾ നിർമ്മിച്ച് കടലാക്രമണം തടയുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ കടലാക്രമണഭീഷണിയുള്ള തുമ്പോളിയിൽ ചെയിനേജ് 23.60 കി.മീറ്ററിനും 25.70 കി.മീറ്ററിനും ഇടയ്ക്ക് 900 മീറ്റർ ദൈർഘ്യത്തിൽ 194.00 ലക്ഷം രൂപ ചെലവു വരുന്ന കടൽഭിത്തി നിർമ്മാണത്തിലേക്കുള്ള പ്രൊപ്പോസൽ കേന്ദ്രസഹായം ലഭ്യമാക്കുന്നതിന് വേണ്ടി കേന്ദ്ര സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്.

(ബി) 2.100 കി.മീറ്റർ ദൂരം.

(സി) 100 മീറ്റർ ദൂരം.

(ഡി) ആകെ 2.100 കി.മീറ്റർ ദൂരം സംരക്ഷിക്കേണ്ടതുള്ളതിനാൽ 900 മീറ്റർ ദൂരം കടൽഭിത്തി നിർമ്മിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബാക്കി 1200 മീറ്റർ തുറമുഖ വകുപ്പിന്റെ അധീനതയിലാണ്.

(ഇ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ വാടയ്ക്കൽ പ്രദേശത്ത് 500 മീറ്റർ ദൂരം കടൽ ഭിത്തിയുടെ അറ്റകുറ്റപണികൾ നിർവ്വഹിച്ചിട്ടുണ്ട്.

(എഫ്) 1996 ജൂൺ മാസത്തിനുശേഷം നാളിതുവരെയായി പുതിയ കടൽഭിത്തി നിർമ്മാണത്തിന് 3983.82 ലക്ഷം രൂപയും നിലവിലുള്ള കടൽഭിത്തികളുടെ അറ്റകുറ്റപ്പണികൾക്കായി 4142.01 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ജി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly